(ജി) രണ്ടാം ഘട്ട വികസനത്തിനായി 120 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്.

(എച്ച്) രണ്ടാം ഘട്ട വികസനത്തിനായി 120 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ല.

ഡോ. ബി. ആർ അംബേദ്കറുടെ സംഭാവനകളെ ആദരിക്കാനും സ്മരണ നിലനിർത്താനും നടപടികൾ

115 [116] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ബി. ആർ. അംബേദ്കറുടെ സംഭാവനകളെ ആദരിക്കാനും സ്മരണ നിലനിർത്താനുമായി സംസ്ഥാനത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) 2003-04-ലെ സംസ്ഥാന ബഡ്ജറ്റിൽ വിഭാവനം ചെയ്ത അംബേദ്കർ ഭവന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) അംബേദ്കർ ചെയർ സ്ഥാപിക്കാൻ കേരള ഗവൺമെന്റ് ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ധന സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാമോ;

(ഇ) അംബേദ്കർ പ്രതിമാ നിർമ്മാണത്തിന് മുഖ്യമന്ത്രി അംഗമായി സംസ്ഥാനതലത്തിൽ ഉന്നതതല കമ്മിറ്റി നിലവിലുണ്ടോ;

(എഫ്) ഈ കമ്മിറ്റിയുടെ പ്രവർത്തനം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ജി) പ്രതിമാ സ്ഥാപനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഡോ. അംബേദ്കറുടെ സംഭാവനകളെ ആദരിക്കുന്നതിനും സ്മരണ നിലനിർത്തുന്നതിനുമായി കേരള യൂണിവേഴ്സിറ്റിയിൽ അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിയമസഭാ സമുച്ചയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഡോ. അംബേദ്കറുടെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. തിരുവനന്തപുരത്ത് മണ്ണന്തലയിൽ ഒരു അംബേദ്കർ ഭവൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ദശയിലാണ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പലതിനും ഡോ. അംബേദ്ക്കറുടെ നാമമാണ് നൽകിയിട്ടുള്ളത്. എറണാകുളത്തുള്ള സ്റ്റേഡിയത്തിന് ഡോ. അംബേദ്കറുടെ നാമമാണ് നൽകിയിട്ടുള്ളത്. വയനാട് പ്രവർത്തിക്കുന്ന അമൃത എന്ന പരിശീലന കേന്ദ്രവും ഡോ. അംബേദ്കറുടെ പേരിലുള്ളതാണ്. കൂടാതെ പട്ടികജാതിക്കാരെ സംബന്ധിച്ച വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാളിന് 30,000 രൂപ ക്യാഷ് അവാർഡും സന്നദ്ധ സംഘടനകളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു സംഘടനയ്ക്ക് 30,000 രൂപ ക്യാഷ് അവാർഡും മാധ്യമ പ്രവർത്തകരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾക്ക് 30,000 രൂപ ക്യാഷ് അവാർഡും ഡോ. അംബേദകറുടെ പേരിൽ നൽകുന്നുണ്ട്.

(ബി) തിരുവനന്തപുരത്ത് മണ്ണന്തലയിലുള്ള ഗവൺമെന്റ് പ്രസ്സിന്റെ പരിസരത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ആഡിറ്റോറിയം, ലൈബ്രറി, ദളിത് മ്യൂസിയം ആർട്ട് ഗ്യാലറി, സിവിൽ സർവ്വീസ് എക്സാമിനേഷൻ കേന്ദ്രം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു അംബേദ്കർ ഭവനം നിർമ്മിക്കുക എന്നതാണ് ലക്ഷ്യം.

(സി) അംബേദ്കർ ഭവൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പി. ഡബ്ല്യു. ഡി. ചീഫ് എഞ്ചിനിയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമൊത്ത് പട്ടികജാതി വികസന ഡയറക്ടർ സന്ദർശിക്കുകയും ഉള്ളൂർ വില്ലേജ് ഓഫീസിൽ നിന്ന് സ്ഥലത്തെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുകയും ചെയ്തു. പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥർക്ക് കോണ്ടൂർ സർവ്വേയും മറ്റും നടത്തുന്നതിലേക്കായി കൈമാറ്റം ചെയ്യുവാൻ റിക്കാർഡുകൾ തയ്യാറാക്കിയ സ്ഥലത്തിന്റെ അതിർ ഡി-മാർക്ക് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. അംബേദ്കർ ഭവനത്തിന്റെ പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറോട് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം കൈമാറി വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) കേരള യൂണിവേഴ്സിറ്റിയിൽ അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിന് ധനസഹായമായി 5 ലക്ഷം (അഞ്ച് ലക്ഷം രൂപ) പട്ടികജാതി വികസന ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. തുക കൈമാറിയിട്ടില്ല.

(ഇ) ഉണ്ട്.

(എഫ് & ജി) പ്രതിമ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly